കർമ്മല കുസുമം

# രൂപതാ ഭരണസംവിധാനങ്ങളും കാനോനിക സമിതികളും പൗരസ്ത്യ കാനൻ നിയമത്തിൽ

ഡോ. ജെയിംസ് മാത്യു പാമ്പാറ സി.എം.ഐ.

**ആമുഖം**

പൗരസ്ത്യസഭകൾക്കായുള്ള കാനൻ നിയമസംഹിത (CCEO) യിലെ മൂപ്പത് ശീർഷകങ്ങളിൽ ഏഴാമത്തെ ശീർഷകം "രൂപതകളും മെത്രാന്മാരും" എന്നതാണ്. ഈ ശീർഷകത്തിൽ നാല് അദ്ധ്യായങ്ങളിലായി രൂപതകളെയും അവയുടെ തലവന്മാരായ മെത്രാന്മാരെയും രൂപതാഭരണസംവിധാനങ്ങളെയുംപറ്റി പ്രതിപാദിച്ചിരിക്കുന്ന കാനോനകളുടെ ഒരു അപഗ്രഥനം എറണാകുളം-അങ്കമാലി അതിരൂപതയിലെ ആനുകാലികസംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ സാധാരണ വിശ്വാസികളുടെ പല തെറ്റിദ്ധാരണകളും തിരുത്തുന്നതിന് അത്യാവശ്യമാണെന്നുള്ള ചിന്തയാണ് ഈ ലേഖനത്തിനടിസ്ഥാനം.

**1. രൂപത എന്നാൽ എന്ത്?**

"വൈദികഗണത്തിന്റെ സഹകരണത്തോടെ അജപാലനം നടത്തുവാനായി മെത്രാനെ ഏല്പിച്ചിരിക്കുന്ന ദൈവജനത്തിന്റെ ഒരു ഭാഗമാണ് രൂപത" എന്ന് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ "തിരുസഭയിൽ മെത്രാന്മാരുടെ അജപാലനധർമ്മം" സംബന്ധിച്ച "ക്രിസ്തുസ് ഡോമിനൂസ്" എന്ന ഡിക്രിയുടെ 11-ാം നമ്പറിൽ നിർവചിച്ചിരിക്കുന്നത് CCEO c. 177, §1-ൽ വീണ്ടും ആവർത്തിച്ചിരിക്കുന്നു. ഈ നിർവചനത്തിൽനിന്ന് ഒരു കാര്യം വ്യക്തം: രൂപതയുടെ ഭരണം ഏലിപിക്കപ്പെട്ടിരിക്കുന്നത് ഒരു മെത്രാനിലാണ്. മറ്റാരിലുമല്ല. രൂപതയുടെ ഭരണാധികാരിയായി നിയമിക്കപ്പെട്ടിട്ടുള്ള മെത്രാനുമായിട്ട് സഹകരിച്ച്, മെത്രാനെ അനുസരിച്ച് അജപാലനകർമ്മത്തിൽ സഹകാരിയാവുക എന്നതാണ് ഓരോ രൂപതയിലും സേവനമനുഷ്ഠിക്കുന്ന വൈദികഗണത്തിന്റെ കർത്തവ്യം.

**2. മെത്രാന്മാർ അപ്പസ്തോലന്മാരുടെ പിൻഗാമികൾ**

ഒന്നാം വത്തിക്കാൻ സൂനഹദോസ് പത്രോസിന്റെ പിൻഗാമിയായ മാർപാപ്പയുടെ അധികാരത്തെയും അപ്രമാദിത്വത്തെയും വ്യക്തമായി നിർവചിച്ചപ്പോൾ, രണ്ടാം വത്തിക്കാൻ കൗൺസിൽ മെത്രാന്മാരുടെ സഭയിലെ സ്ഥാനവും ദൗത്യവും വളരെ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തിരുസ്സഭയെപ്പറ്റിയുള്ള പ്രമാണരേഖയായ "ജനതകളുടെ പ്രകാശം" (Lumen Gentium) മെത്രാൻ ആരാണ് എന്ന് മൂന്നാം അദ്ധ്യായത്തിൽ 18 മുതൽ 27 വരെയുള്ള നമ്പറുകളിൽ പഠിപ്പിക്കുന്നുണ്ട്. കൂടാതെ 28-ാം നമ്പറിൽ മെത്രാന്മാരും വൈദികരും തമ്മിലുണ്ടായിരിക്കേണ്ട ബന്ധത്തെപ്പറ്റിയും വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ഈ കോൺസ്റ്റിറ്റ്യൂഷന്റെ 28-ാം നമ്പറിൽ നാം ഇങ്ങനെ വായിക്കുന്നു: "ദൈവിക നിശ്ചയത്താൽത്തന്നെ സഭയുടെ ഇടയന്മാരെന്ന നിലയിൽ അപ്പസ്തോലന്മാരുടെ പിൻഗാമികളാണ് മെത്രാന്മാർ. അവരെ കേൾക്കുന്നവൻ ക്രിസ്തുവിനെ കേൾക്കുന്നു; അവരെ നിരസിക്കുന്നവൻ ക്രിസ്തുവിനെയും ക്രിസ്തുവിനെ അയച്ചവനെയും നിരസിക്കുന്നു" (ലൂക്കാ 10:16). തുടർന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ ഇങ്ങനെ പഠിപ്പിക്കുന്നു: "അത്യുന്നതാചാര്യനായ ക്രിസ്തുനാഥൻ മെത്രാൻ വഴിയാണ് വിശ്വാസികളുടെ മദ്ധ്യേ സന്നിഹിതനായിരിക്കുന്നത്" (LG 21). എന്നാൽ മെത്രാന്മാർക്ക് കൂട്ടുത്തരവാദിത്വമുണ്ട് എന്നും പത്രോസിന്റെ പിൻഗാമിയായ മാർപാപ്പയെ അനുസരിച്ചും മാർപാപ്പയ്ക്ക് വിധേയപ്പെട്ടുമാണ് തങ്ങളുടെ ദൗത്യം നിർവഹിക്കേണ്ടത് എന്നും തിരുസ്സഭയിൽ മെത്രാന്മാരുടെ അജപാലനധർമ്മത്തെ സംബന്ധിച്ച ഡിക്രിയുടെ രണ്ടാം നമ്പറിൽ വ്യക്തമാക്കുന്നുണ്ട്: "ഈ ഭൂമിയിൽ ക്രിസ്തു അവിടുത്തെ ആടുകളെയും കുഞ്ഞാടുകളെയും മേയ്ക്കാൻ പത്രോസിനെ ഭരമേല്പിച്ചു. പത്രോസിന്റെ പിൻഗാമിയാണ് റോമാ മാർപാപ്പ. ഈ നിലയിൽ ദൈവികനിയമത്താൽത്തന്നെ ആത്മപാലനത്തിൽ മാർപാപ്പയ്ക്ക് സമ്പൂർണ്ണവും നേരിട്ടുള്ളതും സാർവത്രികവുമായ അധികാരമുണ്ട്. അതിനാൽ എല്ലാ വിശ്വാസികളുടെയും ഇടയൻ എന്ന നിലയിൽ അദ്ദേഹം നിയമിക്കപ്പെട്ടിരിക്കുന്നത് സാർവത്രികസഭയുടെ പൊതുനന്മയും പ്രാദേശികസഭകളുടെ ക്ഷേമവും കൈവരുത്താൻ വേണ്ടിയാണ്. എല്ലാ സഭകളുടെയുംമേൽ അദ്ദേഹത്തിന് പരമാധികാരമുണ്ട്. പരിശുദ്ധാത്മാവാൽ നിയമിതരായ മെത്രാന്മാർ ആത്മപാലകരെന്നനിലയിൽ ശ്ലീഹന്മാരുടെ പിൻഗാമികളാണ്. നിത്യം ജീവിക്കുന്ന ഇടയനായ ക്രിസ്തുവിന്റെ

ദൗത്യം മാർപാപ്പയോടുകൂടി അദ്ദേഹത്തിന്റെ അധികാരത്തിൻകീഴിൽ എന്നെന്നും തുടർന്ന് പോകാനാണ് മെത്രാന്മാർ നിയുക്തരായിരിക്കുന്നത്" (CD 2). അതുപോലെ "ജനതകളുടെ പ്രകാശം" എന്ന പ്രമാണരേഖയിലെ 27-ാം നമ്പർ ഇങ്ങനെ ഓർമ്മിപ്പിക്കുന്നു: "അജപാലനധർമ്മം അഥവാ സ്വന്തം അജഗണത്തിന്റെ സംരക്ഷണം സമ്പൂർണ്ണമായും നിക്ഷിപ്തമായിരിക്കുന്നത് മെത്രാന്മാരിലാണ്."

"അജഗണത്തിന്റെ സംരക്ഷണം സമ്പൂർണ്ണമായും നിക്ഷിപ്തമായിരിക്കുന്നത് മെത്രാന്മാരി"ലാണെങ്കിൽ, പിന്നെ വൈദികരുടെ സ്ഥാനമെന്ത് എന്ന ചോദ്യം സ്വാഭാവികം. അതിന്റെ ഉത്തരം അതേ പ്രമാണരേഖയുടെ 28-ാം നമ്പറിൽ ഇങ്ങനെ വിശദീകരിക്കപ്പെട്ടിരിക്കുന്നു: "മെത്രാന്റെ വിവേകമതികളായ സഹപ്രവർത്തകരും സഹായികളും ഉപകരണങ്ങളുമാണ് വൈദികർ" (LG 28). പ്രമാണരേഖ ഇങ്ങനെ തുടരുന്നു: "ദൈവജനത്തെ ശുശ്രൂഷിക്കാനായി അവർ വിളിക്കപ്പെട്ടിരിക്കുന്നു. പൗരോഹിത്യത്തിന് വിവിധങ്ങളായ ധർമ്മങ്ങളുണ്ടെങ്കിലും മെത്രാനോടൊന്നിച്ച് ഏക പൗരോഹിത്യത്തിനാണ് അവർ രൂപം നല്കുന്നത്. വിശ്വസ്തതയുടെയും വിശാലമനസ്കതയുടെയും ചൈതന്യത്തിൽ മെത്രാനോട് സഹകരിച്ച് വൈദികർ വിശ്വാസികളുടെ ഓരോ പ്രാദേശികസമൂഹത്തിലും മെത്രാന്റെ സാന്നിദ്ധ്യംതന്നെ ഏറെക്കുറെ ഉളവാക്കുന്നു... മെത്രാന്റെ പൗരോഹിത്യത്തിലും ദൗത്യത്തിലും പങ്കുകാരെന്നനിലയിൽ മെത്രാനെ തങ്ങളുടെ പിതാവിനെപ്പോലെ വൈദികർ ആത്മാർത്ഥമായി പരിഗണിക്കുകയും ബഹുമാനപുരസ്കരം അനുസരിക്കുകയും വേണം" (LG 28).

**3. രൂപതാ മെത്രാൻ, സ്ഥാനിക മെത്രാൻ, എമേരിത്തൂസ് മെത്രാൻ**

ഒരു രൂപതയുടെ ഭരണം കൈയാളുന്ന മെത്രാനെ രൂപതാ മെത്രാൻ എന്ന് വിളിക്കുമ്പോൾ "ഔദ്യോഗിക ജോലിയിൽനിന്നുള്ള രാജി സ്വീകരിക്കപ്പെട്ടുകഴിഞ്ഞ മെത്രാന് അദ്ദേഹം ഭരിച്ച രൂപതയുടെ "മുൻ രൂപതാ മെത്രാൻ (emeritus) എന്ന പദവി ലഭിക്കുന്നു" (CCEO c. 211, §1). "സ്വന്തംപേരിൽ ഭരിക്കപ്പെടേണ്ടതിനായി ഒരു രൂപത ഏല്പിക്കപ്പെടാത്ത മെത്രാന്മാർ - അവർ മറ്റേതെങ്കിലും ഔദ്യോഗിക കർത്തവ്യം സഭയിൽ നിർവഹിച്ചിട്ടുള്ളവരും നിർവഹിക്കുന്നവരുമാണെങ്കിൽപ്പോലും - സ്ഥാനികമെത്രാന്മാർ എന്ന് വിളിക്കപ്പെടുന്നു" (CCEO c. 179). സ്ഥാനികമെത്രാന്മാരിൽ ഒരു രൂപതയുടെ പിന്തുടർച്ചാവകാശത്തോടുകൂടി നിയമിക്കപ്പെടുന്ന സഹായമെത്രാനെ co-adjutor bishop എന്നും അങ്ങനെ പിന്തുടർച്ചാവകാശമില്ലാതെ നിയമിക്കപ്പെടുന്നവർ auxiliary bishop (സഹായമെത്രാൻ, CCEO c. 212) എന്നുമാണ് വിളിക്കപ്പെടുക. കൂരിയാമെത്രാനും സ്ഥാനികമെത്രാന്മാരുടെ ഗണത്തിലാണ് പെടുക.

**4. രൂപതാ മെത്രാന്റെ അധികാരാവകാശങ്ങൾ**

"അപ്പസ്തോലന്മാരുടെ പിൻഗാമികളെന്ന ന്യായത്താൽത്തന്നെ മെത്രാന്മാർക്ക് തങ്ങളെ ഏല്പിച്ചിരിക്കുന്ന രൂപതകളിൽ അജപാലനനിർവഹണത്തിന് ആവശ്യമായ സാധാരണവും സ്വകീയവും നേരിട്ടുള്ളതുമായ അധികാരമുണ്ട്" (CD 8, a) എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. നിയമപരമായ എല്ലാക്കാര്യങ്ങളിലും രൂപതാ മെത്രാൻ രൂപതയെ പ്രതിനിധാനം ചെയ്യുന്നു (CCEO c. 190). രൂപതാ മെത്രാന് തന്റെ രൂപതയിൽ നിയമനിർമ്മാണാധികാരം (legislative power), ഭരണനിർവഹണാധികാരം (executive power), നീതിന്യായാധികാരം (judicial power) എന്നീ ത്രിവിധ അധികാരങ്ങളുമുണ്ടെങ്കിലും സാധാരണയായി നിയമനിർമ്മാണാധികാരമൊഴിച്ച് മറ്റുരണ്ടും അദ്ദേഹം രൂപതാ കച്ചേരി (eparchial curia) യിലെ അംഗങ്ങളിലൂടെയാണ് നിർവഹിക്കുക. രൂപതാ കച്ചേരിയെ സംബന്ധിച്ച വിശദമായ നിയമങ്ങൾ CCEO 243 മുതൽ 263 വരെയുള്ള കാനോനകളിൽ നല്കപ്പെട്ടിരിക്കുന്നു. അവയിൽനിന്നും മനസ്സിലാക്കാവുന്ന പ്രസക്തമായ ചില കാര്യങ്ങൾ ഇവയാണ്: 1) രൂപതാഭരണത്തിൽ, രൂപതാ മെത്രാനെ സഹായിക്കുന്ന ഘടകങ്ങളിൽ ഒന്നാണ് രൂപതാ കച്ചേരി. മറ്റുള്ളവ രൂപതായോഗം (CCEO cc. 235-242), വൈദികസമിതിയും രൂപതാ ആലോചനാസംഘവും (CCEO cc. 264-271), പാസ്റ്ററൽ കൗൺസിൽ (CCEO cc. 272-275), ഫൊറോന വികാരിമാർ (CCEO cc. 276-278) എന്നിവരാണ്; 2) രൂപതാ കച്ചേരി (eparchial curia) യിലെ ജോലിക്കായി രൂപതാദ്ധ്യക്ഷന് മറ്റ് രൂപതകളിൽനിന്നോ മറ്റ് സ്വയാധികാര സഭകളിൽനിന്നുപോലുമോ അവരുടെ മെത്രാന്മാരുടെ സമ്മതത്തോടെ ആളുകളെ എടുക്കുവാൻ സാധിക്കും (CCEO c. 247, §4); 3) "രൂപതാ കച്ചേരിയിൽ ഒദ്യോഗിക തസ്തിക വഹിക്കുന്നവരെ ആ തസ്തികയിൽ നിയമിക്കുന്നതിനും നീക്കം ചെയ്യുന്നതിനുമുള്ള അധികാരം രൂപതാമെത്രാനുള്ളതാണ്" (CCEO c. 244, §1); 4) രൂപതാ കച്ചേരിയിലെ അംഗങ്ങൾ എല്ലാവരും കാനൻ നിയമവും രൂപതാ മെത്രാനും നിശ്ചയിക്കുന്ന രീതിയിൽ ഔദ്യോഗിക ചുമതല വിശ്വസ്തതാപൂർവം നിറവേറ്റിക്കൊള്ളാമെന്ന് പ്രതിജ്ഞ ചെയ്യണം (CCEO c. 244, §2, 1°); 5) രൂപതാ കച്ചേരിയിൽ എത്ര അംഗങ്ങൾ വേണമെന്നത് നിശ്ചയിക്കുവാനുള്ള അധികാരം രൂപതാ മെത്രാനുള്ളതാണ്; അതുപോലെ തന്നെ അവർ ആരൊക്കെയാണെന്ന് നിശ്ചയിക്കുവാനുള്ള അധികാരവും. രൂപതാ കച്ചേരിയിൽ പ്രോട്ടോസിൻചെള്ളൂസ്, സിൻചെള്ളൂസ്, ജുഡീഷ്യൽ വികാരി, രൂപതാ ധനകാര്യസ്ഥൻ, ചാൻസലർ, രൂപതാ

ജഡ്ജിമാർ തുടങ്ങിയുള്ളവർ ഉൾപ്പെടുന്നു. "രൂപതാ മെത്രാൻ നിശ്ചയിക്കുന്ന മറ്റ് വ്യക്തികളും രൂപതാ കച്ചേരിയിൽ അംഗങ്ങളായിരിക്കും" (CCEO c. 243, §2).

രൂപതാ മെത്രാന്റെ കടമകളിൽപ്പെടുന്നവയാണ് "തനിക്ക് ഭരമേല്പിക്കപ്പെട്ടിരിക്കുന്ന രൂപതയിലെ ആരാധനാജീവിതം സ്വയാധികാരസഭയുടെ നിയമാനുസൃതമായ ആചാരങ്ങൾക്കും നിബന്ധനകൾക്കും അനുസരിച്ച് ക്രമീകരിക്കുക" എന്നത് (cf. CCEO c. 199, §1). അതുപോലെതന്നെ, "സാർവത്രികസഭ യുടെ ഐക്യം കാത്തുസൂക്ഷിക്കുവാൻ കടപ്പെട്ടവനായതുകൊണ്ട് രൂപതാമെത്രാൻ സഭയുടെ പൊതു വായ ശിക്ഷണക്രമത്തെ (discipline) പരിപോഷിപ്പിക്കുകയും എല്ലാ സഭാനിയമങ്ങളുടെയും നിയമാനു സൃതമായ ആചാരങ്ങളുടെയും പാലനത്തിന് പ്രേരിപ്പിക്കുകയും ചെയ്യണം" (CCEO c. 201, §1). അതു പോലെതന്നെ കൂദാശകളുടെയും കൂദാശാനുകരണങ്ങളുടെയും ആഘോഷത്തിലും ദൈവാരാധനയിലും വിശുദ്ധരോടുള്ള വണക്കത്തിലും ദുരുപയോഗങ്ങൾ കടന്നുകൂടാതിരിക്കുവാൻ രൂപതാദ്ധ്യക്ഷൻ ജാഗ്ര തയുള്ളവനായിരിക്കണം (cf. CCEO c. 201, §2).

രൂപതാ കച്ചേരിയിലെ അംഗങ്ങളായ പ്രോട്ടോ ചിൻസെള്ളൂസിനെയും സിൻചെള്ളൂസുമാരെയും നിയ മിക്കുവാൻ രൂപതാദ്ധ്യക്ഷൻ വൈദികസമിതിയുടെയുൾപ്പെടെ ആരുടെയും ആലോചന ചോദിക്കേണ്ട തില്ല. ഇങ്ങനെ നിയമിക്കപ്പെടുന്ന പ്രോട്ടോ ചിൻസെള്ളൂസും സിൻചെള്ളൂസുമാരും തങ്ങളെ നിയമിച്ച രൂപതാ മെത്രാന്റെ ഇഷ്ടത്തിനും ഹിതത്തിനും വിപരീതമായി ഒരിക്കലും പ്രവർത്തിച്ചുകൂടാത്തതാ കുന്നു എന്ന് 249-ാം കാനോന വ്യക്തമാക്കുന്നു. അതുപോലെതന്നെ രൂപതാ മെത്രാന് സ്വതന്ത്രമായി തീരുമാനമെടുത്ത് നിയമിക്കാവുന്നവരാണ് രൂപതാചാൻസലർ, വൈസ്ചാൻസലർ, നോട്ടറിമാർ എന്നി വർ. അവരും രൂപതാ കച്ചേരിയുടെ ഭാഗമാണ്. "രേഖകൾ എഴുതി സൂക്ഷിക്കുകയും രൂപതാരേഖാലയ ത്തിന്റെ ചുമതല വഹിക്കുകയുമാണ് രൂപതാ കച്ചേരിയിൽ ചാൻസലർക്ക് നിയമത്താലുള്ള അവകാശം" (പൗരസ്ത്യസഭകളുടെ കാനോനകൾ സഭാജീവിതത്തിൽ, പേജ് 239). "ചാൻസലറും അതുപോലെതന്നെ വൈസ്ചാൻസലറും നിയമത്താൽത്തന്നെ രൂപതാക്കമ്മറ്റിയുടെ നോട്ടറിമാരായിരിക്കും" (CCEO c. 252, §3). രൂപതാ മെത്രാൻ പുറപ്പെടുവിക്കുന്ന ഡിക്രികളിലെല്ലാം ചാൻസലറിന്റെ ഒപ്പ് ആവശ്യമാണ്. എന്നാൽ രൂപതാ മെത്രാന്റെ ഇടയലേഖനം പോലുള്ള സർക്കുലറുകളിൽ ചാൻസലറിന്റെ ഒപ്പിന്റെ ആവശ്യമില്ല. "ചാൻസലർ, മറ്റ് നോട്ടറിമാർ എന്നിവരെ ചുമതലയിൽനിന്ന് സ്വതന്ത്രമായി നീക്കം ചെയ്യുവാൻ രൂപതാ മെത്രാന് സാധിക്കും" (CCEO c. 255). ഭരണപരമായുള്ള രേഖകളിൽ രൂപതാ മെത്രാന്റെ ഒപ്പിനോ ടൊപ്പം ചാൻസലറിന്റെയോ വൈസ്ചാൻസലറിന്റെയോ ഒപ്പ് വേണമെന്നുള്ള കാനൻ നിയമത്തിന്റെ നിഷ്കർഷ ചിലരെങ്കിലും തെറ്റിദ്ധരിച്ചിട്ടുണ്ടെന്ന് തോന്നുന്നു. ചാൻസലർ രൂപതാ മെത്രാന്റെ തീരുമാന ങ്ങൾ അംഗീകരിക്കുന്ന (approve) ഒരുന്നതാധികാരി ( superior authority) അല്ല; പ്രത്യുത പ്രസ്തുത തീരുമാനം രൂപതാ മെത്രാനിൽ നിന്നുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തുന്ന (attest), രൂപതാ മെത്രാന്റെ കീഴിൽ പ്രവർത്തിക്കുന്ന നോട്ടറിക്ക് തത്തുല്യമായ പദവി വഹിക്കുന്ന ഉദ്യോഗസ്ഥൻ മാത്രമാണ്. അതി നാൽത്തന്നെ, രൂപതാ മെത്രാന്റെ ഒപ്പുള്ള ഒരു ഭരണപരമായ രേഖയിൽ ഒപ്പിടാതിരിക്കുവാൻ ചാൻസല റിന് നിയമപരമായി അവകാശമോ അധികാരമോയില്ല. തന്റെ മനഃസ്സാക്ഷി അങ്ങനെയൊരു രേഖയിൽ ഒപ്പിടാൻ ഒരു ചാൻസലറിനെ അനുവദിക്കുന്നില്ലെങ്കിൽ ഏറ്റെടുത്തിരിക്കുന്ന ചാൻസലർ ഉദ്യോഗ ത്തിൽനിന്ന് അദ്ദേഹത്തിന് രാജി വയ്ക്കാം; അത്രമാത്രം. ചാൻസലർ ആകുവാൻ ഒരാൾ വൈദികൻ പോലും ആകേണ്ടതില്ല എന്നതാണ് വാസ്തവം. പൗരസ്ത്യ കാനോൻ നിയമമനുസരിച്ച് വൈദികനോ ഡീക്കനോ ആയിരിക്കണം (CCEO c. 252, §1); എന്നാൽ ലത്തീൻസഭയുടെ കാനൻ നിയമമനുസരിച്ച് അൽമായർക്കുപോലും ചാൻസലറായി രൂപതകളിൽ സേവനമനുഷ്ഠിക്കാവുന്നതാണ് (CIC cc. 482-483). രൂപതാ മെത്രാന്റെ നിർദ്ദേശമനുസരിക്കാത്ത ചാൻസലറെ രൂപതാദ്ധ്യക്ഷൻ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യേണ്ടതാണ്.

രൂപതാ കച്ചേരിയിലെ നിയമനങ്ങളിൽ രൂപതാ മെത്രാൻ ചില നിബന്ധനകൾ ഒക്കെ പാലിക്കേണ്ട ഒരു നിയമനമാണ് രൂപതാ ധനകാര്യസ്ഥ (Eparchial Finance Officer) ന്റേത്: "രൂപതാ ആലോചനസംഘത്തോടും ധനകാര്യ കൗൺസിലിനോടും ആലോചിച്ചതിനുശേഷം ക്രൈസ്തവവിശ്വാസിയും സാമ്പത്തികകാര്യങ്ങ ളിൽ വിദഗ്ദ്ധനും സത്യസന്ധതയ്ക്ക് പേരുകേട്ടവനുമായ ഒരാളെ രൂപതാ മെത്രാൻ രൂപതാ ധനകാര്യസ്ഥ നായി നിയമിക്കേണ്ടതാണ്" (CCEO c. 261, §1). അതുപോലെ അദ്ദേഹത്തെ നീക്കം ചെയ്യുന്നതിനും ചില നിബന്ധനകളുണ്ട്: "രൂപതാ ആലോചന സംഘത്തോടും ധനകാര്യ കൗൺസിലിനോടും ആലോചിച്ചതിനു ശേഷം രൂപതാ മെത്രാന്റെ അഭിപ്രായത്തിൽ ഗൗരവമായ കാരണം ഉള്ളപ്പോൾ മാത്രമല്ലാതെ ഔദ്യോഗിക കാലാവധിമദ്ധ്യേ അദ്ദേഹത്തെ നീക്കം ചെയ്യുവാൻ പാടുള്ളതല്ല" (CCEO c. 261, §2).

രൂപതാ കച്ചേരിയുടെ ഭാഗമാണ് രൂപതാ ധനകാര്യ കൗൺസിൽ (Eparchial financial council). ഈ

കൗൺസിലിലെ അംഗങ്ങളെ നിയമിക്കുന്നത് രൂപതാ മെത്രാനാണ്. "താൻതന്നെ അദ്ധ്യക്ഷനായിരിക്കുന്നതും തന്റെ സ്വയാധികാരസഭയുടെ പ്രത്യേക നിയമം തത്തുല്യമായ മറ്റേതെങ്കിലും നടപടിക്രമം വ്യവസ്ഥ ചെയ്യുന്നില്ലാത്തപക്ഷം രൂപതാ ആലോചനാസംഘത്തോട് ആലോചിച്ചതിനുശേഷം താൻ തന്നെ നിയമിക്കുന്ന - കഴിയുമെങ്കിൽ സിവിൾ നിയമത്തിൽപ്പോലും വിദഗ്ദ്ധരായ - അനുയോജ്യരായ ഏതാനും വ്യക്തികൾ ഉൾപ്പെട്ടതുമാണ് പ്രസ്തുത കൗൺസിൽ" (CCEO c. 263, §1). "സാമ്പത്തിക കാര്യങ്ങളെ സംബന്ധിച്ച കൂടുതൽ പ്രധാനപ്പെട്ട നടപടികളിൽ ധനകാര്യകൗൺസിലിനെ ശ്രവിക്കുന്നതിൽ രൂപതാ മെത്രാൻ ഉപേക്ഷ വരുത്തരുത്" (CCEO c. 263, §4) എന്ന് കാനൻ നിയമം അനുശാസിക്കുന്നു. എന്നാൽ സാമാന്യഗതിയിൽ ധനകാര്യകൗൺസിൽ അംഗങ്ങൾക്ക് അഭിപ്രായവോട്ട് (Consultative vote) മാത്രമേയുള്ളൂ എന്നും അതേ കാനോന വ്യക്തമാക്കുന്നുണ്ട്.

ചുരുക്കിപ്പറഞ്ഞാൽ, രൂപതാ കച്ചേരിയിൽ ധനകാര്യകൗൺസിലിന്റെ മാത്രമേ ആലോചന ചോദിക്കുവാൻ രൂപതാ മെത്രാന് നിയമപരമായി കടമയുള്ളൂ. ഇവിടെയും പൊതുവെ പറഞ്ഞാൽ ആലോചിക്കേണ്ട ആവശ്യമേയുള്ളൂ; അംഗീകാരം വാങ്ങേണ്ട കാര്യമില്ല. ആലോചന (consult) എന്ന പദംകൊണ്ട് വിവക്ഷിക്കുന്നത് "കേൾക്കുക" എന്നതാണ്; സമ്മതം വാങ്ങുക (consent) എന്നോ അംഗീകാരം (approval) വാങ്ങുക എന്നതോ അല്ല എന്ന് വ്യക്തം. ഇതിനെപ്പറ്റി 934-ാം കാനോനയിൽ ഇങ്ങനെ നിർദ്ദേശിക്കുന്നു: 1) ഒരു നൈയാമികപ്രവൃത്തി ചെയ്യുന്നതിന് ഒരു അധികാരിക്ക് ഒരു സംഘത്തിലെ വ്യക്തികളുടെ ആലോചന ആവശ്യമുണ്ടെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിൽ, എല്ലാവരുടെയും ആലോചന (counsel) ആരായേണ്ടത് നൈയാമികപ്രവൃത്തി സാധുവാകുന്നതിനാവശ്യമാണ്; 2) പ്രസ്തുത വ്യക്തികളുമായിട്ട് ആലോചിക്കുന്നില്ലെങ്കിൽ നൈയാമികപ്രവൃത്തി അസാധുവായിരിക്കും; 3) അവരുടെ ഉപദേശം (counsel) ഏകകണ്ഠമാണെങ്കിൽപ്പോലും അത് അംഗീകരിക്കാൻ അധികാരിക്ക് കടമയില്ല.

**5. രൂപതാ മെത്രാനും വൈദികസമിതിയും രൂപതാ ആലോചനാസംഘവും**

രൂപതാ മെത്രാനെ രൂപതാ ഭരണത്തിൽ ഉപദേശംവഴി സഹായിക്കുവാനായി രൂപതാ മെത്രാനാൽ സ്ഥാപിക്കപ്പെടുന്നവയാണ് വൈദികസമിതി (presbyteral council) യും രൂപതാ ആലോചനാസംഘവും (college of eparchial consultors). വൈദികസമിതി രൂപതയിലെ വൈദികസമൂഹത്തെ (presbyterium) പ്രതിനിധീകരിക്കുന്നു (CCEO c. 265). അതിൽ ഒരു വിഭാഗത്തെ വൈദികർതന്നെ തിരഞ്ഞെടുക്കുന്നു. ഒരുവിഭാഗം വൈദികർ തങ്ങളുടെ ഉദ്യോഗത്താൽത്തന്നെ വൈദികസമിതിയിലെ അംഗങ്ങളായിത്തീരുന്നു (Ex-officio). മൂന്നാമത് ഒരു കൂട്ടർ രൂപതാ മെത്രാനാൽ നാമനിർദ്ദേശം ചെയ്യപ്പെട്ട് വൈദികസമിതിയിലെ അംഗങ്ങളായി മാറുന്നു (cf. CCEO c. 266). "വൈദികസമിതി വിളിച്ചുകൂട്ടുന്നതും അതിൽ അദ്ധ്യക്ഷം വഹിക്കുന്നതും അതിൽ ചർച്ച ചെയ്യേണ്ട കാര്യങ്ങൾ തീരുമാനിക്കുന്നതും അംഗങ്ങളിൽനിന്ന് നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതും രൂപതാ മെത്രാനാണ്" എന്ന് 269-ാം കാനോനയുടെ ഒന്നാം ഖണ്ഡിക വ്യക്തമാക്കുന്നു. ഇതേ കാനോനയുടെ രണ്ടാം ഖണ്ഡികയിൽ തുടർന്ന് ഇങ്ങനെ കാണുന്നു: "കൂടുതൽ പ്രാധാന്യമുള്ള കാര്യങ്ങളിൽ രൂപതാ മെത്രാൻ വൈദികസമിതിയെ ശ്രവിക്കേണ്ടതും പൊതുനിയമത്തിൽ വ്യക്തമായി പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ സമിതിയോട് ആലോചിക്കേണ്ടതുമാണ്. എന്നാൽ പൊതുനിയമം വ്യക്തമായി നിശ്ചയിക്കേണ്ട കാര്യങ്ങളിൽ മാത്രമേ അദ്ദേഹത്തിന് സമിതിയുടെ സമ്മതം ആവശ്യമുള്ളൂ."

ഇതിലും പ്രസക്തമായ നിയമം CCEO c. 269, §3-ൽ ആണുള്ളത്. അവിടെ ഇങ്ങനെ നിഷ്കർഷിച്ചിരിക്കുന്നു: "രൂപതാ മെത്രാനെക്കൂടാതെ പ്രവർത്തിക്കുവാൻ വൈദികസമിതിക്ക് ഒരിക്കലും സാദ്ധ്യമല്ല. വൈദികസമിതിയിൽ കൈകാര്യം ചെയ്ത കാര്യങ്ങൾ പ്രസിദ്ധപ്പെടുത്തുവാൻ രൂപതാ മെത്രാന് മാത്രമാണ് അധികാരമുള്ളത്." മറ്റൊരു വാക്കിൽ പറഞ്ഞാൽ, വൈദികസമിതിയുടെ തലവൻ മെത്രാനായതിനാൽ അദ്ദേഹത്തെകൂടാതെ യോഗം ചേരാൻ അംഗങ്ങൾക്ക് നൈയാമികമായി യാതൊരുവിധ അവകാശവുമില്ലെന്ന് സാരം.

വൈദികസമിതി ഒരുപദേശകസമിതിയായതിനാൽ, പൊതുനിയമത്തിൽ വൈദികസമിതിയുടെ അംഗീകാരം രൂപതാ മെത്രാൻ വാങ്ങേണ്ടതായി ഒരിടത്തും പറഞ്ഞിട്ടില്ല എന്നതാണ് വസ്തുത. എന്നാൽ വൈദികസമിതിയുമായി രൂപതാ മെത്രാൻ നിശ്ചയമായും ആലോചിച്ചിരിക്കേണ്ട പലകാര്യങ്ങളും പൊതുനിയമത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. അവയിൽ ചിലത് ഇവയാണ്: 1) രൂപതായോഗം വിളിച്ചുകൂട്ടുക (c. 236); 2) ഫൊറോനകൾ സ്ഥാപിക്കുക, അവയുടെ അതിർത്തികൾക്ക് മാറ്റം വരുത്തുക (c. 276, §2); 3) പുതിയ ഇടവകകൾ സ്ഥാപിക്കുക, അവയുടെ അതിർത്തികൾക്ക് മാറ്റം വരുത്തുക (c. 280, §2). ഇവിടെയൊക്കെയും വൈദികസമിതിയെ കേൾക്കേണ്ട ഉത്തരവാദിത്വമേ രൂപതാ മെത്രാനുള്ളൂ; അവരുടെ ഉപദേശം സ്വീകരിക്കുവാൻ നൈയാമികമായി യാതൊരു കടമയുമില്ലെന്ന് സാരം.

"രൂപതയുടെ നന്മയ്ക്കുവേണ്ടി വൈദികസമിതിയെ ഭരമേല്പിച്ചിരിക്കുന്ന ചുമതല അത് നിർവഹിക്കാതിരിക്കുകയോ, ഗൗരവമായി ദുരുപയോഗിക്കുകയോ ചെയ്താൽ സമിതിയെ പിരിച്ചുവിടാൻ" രൂപതാമെത്രാന് അധികാരമുണ്ടെന്ന് CCEO c. 270, §3 വ്യക്തമാക്കുന്നുണ്ട്. എന്നാൽ പിരിച്ചുവിടപ്പെട്ട വൈദികസമിതിക്ക് പകരം പുതിയ വൈദികസമിതിക്ക് രൂപതാ മെത്രാൻ ഒരുവർഷത്തിനകം രൂപം നല്കേണ്ടതാണ്. വൈദികസമിതിക്ക് സ്വന്തമായി ഒരു നിയമാവലിയും ഉണ്ടാകേണ്ടതാണ്.

എറണാകുളം-അങ്കമാലി അതിരൂപതയുടെ വൈദികസമിതി സംബന്ധമായ പ്രത്യേക നിയമസംഹിത പഠനവിഷയമാക്കിയപ്പോൾ കണ്ട വസ്തുത, പല കാര്യങ്ങളിലും ആ പ്രത്യേക നിയമസംഹിത പൊതുനിയമത്തിനെതിരാണ് എന്നതാണ്. "മേലധികാരിയുടെ നിയമത്തിന് വിരുദ്ധമായ ഒരു നിയമം സാധുവായി നടപ്പിലാക്കുവാൻ താഴ്ന്ന (inferior) നിയമദാതാവിന് സാദ്ധ്യമല്ല" (CCEO c. 985, §2) എന്ന നിയമം ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്. അല്പംകൂടി വ്യക്തമായി പറഞ്ഞാൽ, പൗരസ്ത്യസഭകൾക്കായുള്ള കാനൻ നിയമസംഹിത (CCEO) യിലെ കാനോനകൾക്ക് വിരുദ്ധമായിട്ടുള്ള നിയമങ്ങൾ ഏതൊക്കെ വൈദികസമിതിയുടെ നിയമങ്ങളിലുണ്ടോ അവയൊന്നും സാധുവായി നിലനില്ക്കുകയില്ല.

എറണാകുളം-അങ്കമാലി അതിരൂപതയുടെ വൈദികസമിതി സംബന്ധമായ പ്രത്യേക നിയമത്തിൽ വൈദികസമിതിയുടെ സെക്രട്ടറിയാണ് വൈദികസമിതി വിള ിച്ചുകൂട്ടേണ്ടതെന്ന് നിർദ്ദേശിക്കുന്നു (cf. article 6, §3). എന്നാൽ ഈ നിയമം CCEO യിലെ 269-ാം കാനോനയുടെ ഒന്നാം ഖണ്ഡികയ്ക്ക് എതിരായതിനാൽ അത് അസാധുവും തിരുത്തപ്പെടേണ്ടതുമാണ്. ഏതായാലും, മേൽപ്പറഞ്ഞ നിയമാവലിയിലും വൈദികസമിതിയുടെ മീറ്റിംഗുകൾക്ക് അദ്ധ്യക്ഷം വഹിക്കേണ്ടത് രൂപതാ മെത്രാനാണെന്നും എല്ലാക്കാര്യങ്ങളിലും മെത്രാന്റെ തീരുമാനം അന്തിമമായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട് (art. 6.1: "He will preside over the meetings. His decisions in all matters will be final"). എന്നാൽ ഈ പ്രത്യേക നിയമാവലിയിൽ തെറ്റിദ്ധാരണ പരത്തുന്ന മറ്റൊരു നിയമം കാണാം. അതായത്, വൈദികസമിതിക്ക് ഒരു കാര്യപരിപാടി (agenda) കമ്മിറ്റി ഉണ്ടായിരിക്കണമെന്നും ഈ അഞ്ചംഗ കമ്മിറ്റി വിളിച്ചുകൂട്ടേണ്ടത് വൈദികസമിതി സെക്രട്ടറിയായിരിക്കണം എന്നതും (art 8.1). എന്നാൽ ഇവിടെയും കമ്മിറ്റി ഉണ്ടാക്കുന്ന 'അജണ്ട', കമ്മിറ്റിയുടെ പ്രസിഡന്റായ ആർച്ച് ബിഷപ്പ് അംഗീകരിക്കേണ്ടിയിരിക്കുന്നു എന്ന് വ്യക്തമാക്കുന്നുണ്ട്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, വൈദികസമിതിയുടെ പ്രസിഡന്റായ രൂപതാ മെത്രാനാണ് അജണ്ട നിശ്ചയിക്കുന്നതും വൈദികസമിതി വിളിച്ചുകൂട്ടുന്നതും അതിന്റെ അദ്ധ്യക്ഷം വഹിക്കുന്നതും. അതുപോലെതന്നെ, ആ സമിതിയുടെ തീരുമാനങ്ങൾ അംഗീകരിക്കുന്നതും പ്രഖ്യാപിക്കുന്നതും രൂപതാ മെത്രാൻതന്നെ. മറ്റൊരു വാക്കിൽ പറഞ്ഞാൽ, മാർക്സിസ്റ്റ് പാർട്ടി സെക്രട്ടറിയെപ്പോലെയല്ല വൈദികസമിതിയുടെ സെക്രട്ടറിയുടെ സ്ഥാനം കത്തോലിക്കാസഭയുടെ കാനൻ നിയമമനുസരിച്ച്. ചുരുക്കിപ്പറഞ്ഞാൽ വൈദികസമിതി രൂപതാഭരണത്തിൽ രൂപതാ മെത്രാനെ സഹായിക്കുന്ന ഒരുപദേശകസമിതി മാത്രം. ഇതിൽനിന്ന് വ്യക്തമാകുന്ന ഒരു കാര്യം, വൈദികസമിതിയുടെ തീരുമാനങ്ങൾ പ്രഖ്യാപിക്കുവാനായി എറണാകുളം-അങ്കമാലി അതിരൂപതയിൽ വൈദികസമിതിയുടെ സെക്രട്ടറി മാദ്ധ്യമങ്ങളെക്കാണുന്ന രീതി തിരുത്തപ്പെടേണ്ടതാണ് എന്നുതന്നെ.

രൂപതാ ഭരണത്തിൽ രൂപതാ മെത്രാനെ സഹായിക്കുന്ന മറ്റൊരു കാനോനികസമിതിയാണ് രൂപതാ ആലോചനസംഘം (college of eparchial consultors, cf. CCEO c. 271). ഈ ആലോചനസംഘത്തിൽ ആറ് മുതൽ പന്ത്രണ്ട് വരെ അംഗങ്ങളാണുള്ളത്. രൂപതാ മെത്രാന് സ്വതന്ത്രമായി ഈ അംഗങ്ങളെ നിയമിക്കാവുന്നതാണ്. എന്നാൽ വൈദികസമിതിയിലെ അംഗങ്ങളിൽ നിന്നായിരിക്കണം രൂപതാ ആലോചനാസംഘത്തിലേക്ക് അംഗങ്ങളെ എടുക്കേണ്ടത്. ഈ ആലോചനാസംഘത്തിന്റെയും അദ്ധ്യക്ഷൻ രൂപതാ മെത്രാൻ തന്നെയാണ്. ചില കാര്യങ്ങളിൽ രൂപതാ മെത്രാന് രൂപതാ ആലോചനാസമിതിയുടെ അംഗീകാരം ആവശ്യമാണെന്ന് പൊതുനിയമം അനുശാസിക്കുന്നുണ്ട്. ഉദാഹരണമായി CCEO c. 1036, §1, 2°. ഇവിടെ രൂപതാ വസ്തുക്കൾ വില്ക്കുന്നതിനെപ്പറ്റിയാണ് പ്രതിപാദിക്കുന്നത്. രൂപതാദ്ധ്യക്ഷന്റെ അധികാരത്തിൽപ്പെട്ട നൈയാമികവ്യക്തിയുടെ വസ്തു വില്ക്കുന്നിന് രൂപതാദ്ധ്യക്ഷന് അദ്ദേഹത്തിന്റെ ധനകാര്യകൗൺസിലിന്റെയും രൂപതാ ആലോചനസംഘത്തിന്റെയും സമ്മതം ഓരോ അവസരത്തിലും ലഭിക്കണമെന്ന് ഈ കാനോന അനുശാസിക്കുന്നു. എന്നാൽ, മേജർ ആർച്ചുബിഷപ്പിന് തന്റെ രൂപതയിലെ വസ്തു വില്ക്കുന്നതിന് ആലോചനാസമിതിയുടെ അംഗീകാരം ആവശ്യമില്ല; പ്രത്യുത, ആലോചനസംഘത്തെ കേട്ടാൽ മാത്രം മതിയാകും എന്നും കാനൻ നിയമം വ്യക്തമാക്കുന്നുണ്ട് (CCEO c. 271, §6).

**6. എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററിന്റെ സർക്കുലറും വൈദികസമിതിയുടെ അംഗീകാരവും**

2022 ജൂലൈ 30-ാം തീയതി ഫ്രാൻസിസ് മാർപാപ്പയാൽ എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി നിയമിക്കപ്പെട്ട ആൻഡ്രൂസ് താഴത്ത് പിതാവ് 2022 സെപ്റ്റം

ബർ 30-ാം തീയതി പുറപ്പെടുവിച്ച സർക്കുലർ (9/2022) അതിനുശേഷമിറങ്ങിയ അതിരൂപതയുടെ ഔദ്യോഗികപ്രസിദ്ധീകരണമായ "എറണാകുളം മിസ്സ"ത്തിൽ പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായില്ല എന്നു മാത്രമല്ല, ആ സർക്കുലറിലെ നിർദ്ദേശമനുസരിച്ച് 2022 ഒക്ടോബർ 9-ാം തീയതി അതിരൂപതയിലെ ഭൂരിഭാഗം ഇടവകകളിലും വായിക്കപ്പെടുകയും ചെയ്തില്ല. കൂടാതെ എറണാകുളം വിമതർ പലയിടങ്ങളിലും ആ സർക്കുലർ കത്തിക്കുകയും കുപ്പത്തൊട്ടിയിൽ നിക്ഷേപിക്കുകയും അങ്ങനെ കത്തോലിക്കാസഭയെ നശിപ്പിക്കുവാനായി ശ്രമിക്കുന്ന ചില സംഘടനകളിൽനിന്നും തങ്ങൾ വാങ്ങിയ അച്ചാരത്തിനനുസൃതമായി ജോലി ചെയ്തതായി തങ്ങളുടെ ഏമാന്മാരെ ബോധ്യപ്പെടുത്തുകയും ചെയ്തു. ഈ സർക്കുലർ തങ്ങൾ അംഗീകരിക്കില്ല എന്ന് പറയുന്നവർ അതിനുള്ള ന്യായമായി പറഞ്ഞത് പ്രസ്തുത സർക്കുലറിന് വൈദികസമിതിയുടെ അംഗീകാരമില്ലായെന്നും ആ സർക്കുലറിൽ അതിരൂപതാ ചാൻസലറിന്റെ ഒപ്പില്ല എന്നതുമാണ്. എന്നാൽ രൂപതാ മെത്രാനിറക്കുന്ന ഇടയലേഖനങ്ങൾക്കൊന്നും ചാൻസലറിന്റെ ഒപ്പ് ആവശ്യമില്ല എന്നതാണ് വസ്തുത. മാർ ആന്റണി കരിയിൽ തന്റെ സർക്കുലറുകളിൽ പലപ്പോഴും ചാൻസലറിന്റെ ഒപ്പ് വാങ്ങിയിരുന്നു എന്നതുമൂലം മറ്റ് മെത്രാന്മാർ അങ്ങനെ ചെയ്യണമെന്ന് ആവശ്യപ്പെടാനാവില്ല. രൂപതാ വൈദികസമിതി ഒരുപദേശക സമിതി മാത്രമാകയാൽ, രൂപതാ മെത്രാന് രൂപതാംഗങ്ങൾക്കായി ഇറക്കുന്ന സർക്കുലറുകൾക്ക് വൈദികസമിതിയുടെ അംഗീകാരവും ആവശ്യമില്ല.

CCEO യുടെ 234-ാം കാനോനയനുസരിച്ച് "റോമാ മാർപാപ്പ ഗൗരവാവഹവും പ്രത്യേകവുമായ കാരണങ്ങളാൽ ചില സന്ദർഭങ്ങളിൽ രൂപതാഭരണം അപ്പസ്തോലിക അഡ്മിനിസ്ട്രേറ്ററെ ഏല്പിക്കാറുണ്ട്" (CCEO c. 234, §1) എന്നും "അപ്പസ്തോലിക അഡ്മിനിസ്ട്രേറ്ററിന്റെ അവകാശങ്ങളും കടമകളും ആനുകൂല്യങ്ങളും അദ്ദേഹത്തിന്റെ നിയമകല്പനയാൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നു" (CCEO c. 234, §2) എന്നും വ്യക്തം. ആൻഡ്രൂസ് താഴത്ത് പിതാവിനെ എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി നിയമിച്ചുകൊണ്ടുള്ള ഉത്തരവ് (Prot. N.130/2022) 'എറണാകുളം മിസ്സ'ത്തിൽ പ്രസിദ്ധീകരിച്ചതുമാണ് (cf. എറണാകുളം മിസ്സം, vol. 65, No.9, സെപ്റ്റംബർ 2022, pp.14-15).

തുടർന്നുള്ള പേജുകളിൽ (16-19) പൗരസ്ത്യ കാര്യാലയത്തിൽനിന്നും താഴത്ത് പിതാവിന് ലഭിച്ച നിയമന ഉത്തരവിന്റെ ഇംഗ്ലീഷിലുള്ള മൂലവും മലയാളപരിഭാഷയും 'എറണാകുളം മിസ്സ'ത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആ നിയമന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടും വീണ്ടും 2022 സെപ്റ്റംബർ 20-ാം തീയതി, പരിശുദ്ധ സിംഹാസനത്തിൽനിന്നും ലഭിച്ച കത്തിന്റെയും വെളിച്ചത്തിലാണ് ആ സർക്കുലർ താഴത്ത് പിതാവ് ഇറക്കുന്നത് എന്ന് അതേ സർക്കുലറിൽത്തന്നെ വ്യക്തമാക്കിയിട്ടും ആ സർക്കുലർ അംഗീകരിക്കില്ല എന്ന് പറയുന്നത് ധിക്കാരപരവും അനുസരണക്കേടും മാത്രമല്ല പ്രത്യുത കത്തോലിക്കാസഭയുടെ, പ്രത്യേകിച്ച് പൗരസ്ത്യ കാനൻ നിയമസംഹിതയിലെ ശിക്ഷാനിയമങ്ങളായ CCEO cc. 1446, 1447, 1448 എന്നിവയുടെ ലംഘനങ്ങളായി പരിഗണിച്ച് 1446-ാം കാനോനയിൽ രണ്ടാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന ശിക്ഷാമുന്നറിയിപ്പ് നല്കേണ്ടതും, അതിനുശേഷവും "തന്റെ കുറ്റത്തെപ്പറ്റി ആത്മാർത്ഥമായി അനുതപിക്കുകയും, കൂടാതെ ഉതപ്പിനും ഉപദ്രവത്തിനും തക്ക പരിഹാരം ചെയ്യുകയോ ഗൗരവബുദ്ധ്യാ വാഗ്ദാനം ചെയ്യുകയോ" (cf. CCEO c.1407, §2) ചെയ്യുന്നില്ലെങ്കിൽ അങ്ങനെയുള്ള വ്യക്തികൾക്കെതിരെ പൗരസ്ത്യ കാനൻ നിയമത്തിലെ 28-ാം ശീർഷകത്തിൽ നിർദ്ദേശിച്ചിട്ടുള്ള "ശിക്ഷകൾ ചുമത്തുന്നതിനുള്ള നടപടിക്രമ"ത്തിലെ കാനോനകൾ അനുസരിച്ചുള്ള നിയമനടപടികൾ ആരംഭിക്കുകയും വേണം.

1446-ാം കാനോന ഇങ്ങനെ അനുശാസിക്കുന്നു: "തന്റെതന്നെ മേലദ്ധ്യക്ഷൻ നിയമാനുസൃതം പുറപ്പെടുവിക്കുന്ന കല്പനയോ, നിരോധനമോ അനുസരിക്കാതിരിക്കുകയും ശാസനയ്ക്കുശേഷവും അനുസരണമില്ലായ്മയിൽ തുടരുകയും ചെയ്യുന്ന ഒരു വ്യക്തി കുറ്റവാസനയുള്ളവൻ (delinquent) എന്ന നിലയിൽ അനുയോജ്യമായി ശിക്ഷിക്കപ്പെടേണ്ടതാണ്." ഇവിടെ നിയമം നിർദ്ദേശിക്കുന്നത് 'ശിക്ഷിക്കപ്പെടേണ്ടതാണ്' എന്നാണ്; ശിക്ഷിക്കപ്പെടാവുന്നതാണ് എന്നല്ല. മറ്റൊരു വാക്കിൽ പറഞ്ഞാൽ, ഇങ്ങനെയുള്ള കുറ്റകൃത്യം ചെയ്യുന്നവരെ, ശിക്ഷാനടപടിക്രമം പാലിച്ചുകൊണ്ട്, ശിക്ഷിക്കുവാൻ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർക്ക് കടമയുണ്ട്.

**7. എറണാകുളം വിമതരുടെ മറ്റ് കുറ്റകൃത്യങ്ങളും അവയ്ക്കുള്ള ശിക്ഷകളും**

CCEO c. 1447, §1 ഇങ്ങനെ നിർദ്ദേശിക്കുന്നു: "ഏതൊരു മേലദ്ധ്യക്ഷനെതിരെയും ഉപജാപം നടത്തുകയോ, വിദ്വേഷം വളർത്തുകയോ, അദ്ദേഹത്തിന്റെ അധീനരെ അനുസരണക്കേടിന് പ്രേരിപ്പിക്കുകയോ ചെയ്യുന്ന ആൾ... വലിയ മഹറോൻശിക്ഷപോലും ഒഴിവാക്കാതെതന്നെ അനുയോജ്യമായി ശിക്ഷിക്കപ്പെടേണ്ടതാണ്." ഇവിടെ പറഞ്ഞിരിക്കുന്ന കുറ്റം ചെയ്യുവാനുള്ള സാദ്ധ്യത വൈദികർക്കോ സമർപ്പിതർക്കോ മാത്രമല്ല, പ്രത്യുത അത്മായർക്കുമുണ്ട് എന്നത് വ്യക്തം. അതിനാൽ ഉപജാപം നടത്തുകയോ, വിദ്വേഷം വളർത്തുകയോ (incites sedition or hatred towards any hierarch) ചെയ്യുന്നയാൾ, അയാൾ

കത്തോലിക്കാസഭയിലെ അംഗമാണെങ്കിൽ, അയാൾക്കെതിരെ ശിക്ഷാനടപടികൾ ആരംഭിക്കുവാൻ എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർക്ക് സാധിക്കും എന്നുമാത്രമല്ല, അങ്ങനെ ചെയ്യുവാൻ അദ്ദേഹത്തിന് കടമയുമുണ്ട്. തെറ്റ് ചെയ്തവർ മനസ്താപത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുകയും ഉതപ്പിനും ഉപദ്രവത്തിനും പരിഹാരം ചെയ്യുവാനാവശ്യമായ ഏർപ്പാടുകളും ചെയ്താൽ അവരെ ശിക്ഷിക്കാതിരിക്കാനും അദ്ദേഹത്തിന് സ്വാതന്ത്ര്യമുണ്ട്: "നിയമത്താൽ നിർബന്ധിത ശിക്ഷയുള്ള തെറ്റുകളുടെ കാര്യമാണെങ്കിൽപ്പോലും മേലദ്ധ്യക്ഷന്റെ വിലയിരുത്തലിൽ താഴെപ്പറയുന്ന വ്യവസ്ഥകൾ ഒരുമിച്ചുവരുന്നിടത്തോളം നീതിസംരക്ഷകനെ ശ്രവിച്ചശേഷം ക്രിമിനൽ നടപടിക്രമത്തിൽനിന്നോ ശിക്ഷകൾ ചുമത്തുന്നതിൽ നിന്നുപോലുമോ പൂർണ്ണമായി ഒഴിഞ്ഞുനില്ക്കുവാൻ മേലദ്ധ്യക്ഷന് സാധിക്കും: വിചാരണയ്ക്ക് കൊണ്ടുവരപ്പെട്ടിട്ടില്ലാത്ത കുറ്റക്കാരൻ ആത്മാർത്ഥമായ അനുതാപത്താൽ പ്രേരിതനായി തന്റെ കുറ്റം മേലദ്ധ്യക്ഷനോട് ബാഹ്യതലത്തിൽ ഏറ്റുപറയുകയും ഉതപ്പിനും ഉപദ്രവത്തിനും പരിഹാരം ചെയ്യുവാൻ ആവശ്യമായ ഏർപ്പാടുകൾ നടത്തുകയും ചെയ്യുന്നു" (CCEO c. 1403, §1).

CCEO യിലെ 1448-ാം കാനോനയുടെ ഒന്നാം ഖണ്ഡിക ഇങ്ങനെ അനുശാസിക്കുന്നു: "മതത്തെയോ സഭയെയോ ക്ഷതപ്പെടുത്തുവാനോ, വെറുപ്പോ അവജ്ഞയോ ഉദ്ദീപിപ്പിക്കുവാനോ ആയി പരസ്യ ആവിഷ്കാരമോ (public performance), പ്രഭാഷണമോ, പരസ്യമായി വിതരണം ചെയ്യപ്പെടുന്ന രേഖയോ (writing), മറ്റ് സമ്പർക്ക മാദ്ധ്യമങ്ങളോ ഉപയോഗിക്കുന്ന ഒരുവൻ അനുയോജ്യമായി ശിക്ഷിക്കപ്പെടേണ്ടതാണ്." അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററിന്റെ സർക്കുലർ വലിച്ചുകീറുക, കുപ്പത്തൊട്ടിയിൽ നിക്ഷേപിക്കുക, അതിൽ പരസ്യമായി തുപ്പുക, ആ സർക്കുലർ അനുസരിക്കുകയില്ലായെന്ന് സമ്പർക്കമാദ്ധ്യമങ്ങളിലൂടെ പ്രസ്താവിക്കുക തുടങ്ങിയ പ്രവൃത്തികൾ ചെയ്യുന്നവർ ഈ കാനോനപ്രകാരമുള്ള കുറ്റകൃത്യം ചെയ്തതായി കണക്കാക്കി ശിക്ഷാനടപടികൾ ആരംഭിക്കേണ്ടതാണ്. ഈ ശിക്ഷാനടപടികൾ ആരംഭിക്കുവാനുള്ള ഉത്തരവാദിത്വം എറണാകുളം-അങ്കമാലി അതിരൂപതയെ സംബന്ധിച്ചിടത്തോളം അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററിൽ നിക്ഷിപ്തമായിരിക്കുന്നു: "ഒരു കുറ്റത്തെക്കുറിച്ചുള്ള അറിവ് മേലദ്ധ്യക്ഷന് കിട്ടുമ്പോൾ, ഈ അറിവ് സത്യമാണെന്ന് തോന്നുകയെങ്കിലുമാണെങ്കിൽ അദ്ദേഹം വ്യക്തിപരമായോ അനുയോജ്യനായ മറ്റൊരു വ്യക്തിയിലൂടെയോ - ഈ അന്വേഷണം പൂർണ്ണമായും ഉപരിപ്ലവമായിരിക്കുമെന്ന് കരുതാത്തപക്ഷം - വസ്തുതകളെയും സാഹചര്യങ്ങളെയുംകുറിച്ച് അന്വേഷിക്കണം" (c. 1468, §1). ഇങ്ങനെയുള്ള അന്വേഷണനടപടികൾ ഒരു ഡിക്രിവഴിയാണ് ആരംഭിക്കേണ്ടത് (c. 1470). ഇങ്ങനെയുള്ള പ്രാഥമിക അന്വേഷണത്തിൽ കുറ്റം ചെയ്തതായി കാണപ്പെട്ടാൽ രൂപതാക്കോടതിയിൽ കുറ്റാരോപിതനെതിരെ കേസ് കൊടുക്കുവാൻ നീതിസംരക്ഷകനോട് ആവശ്യപ്പെടുകയോ, 1486-ാം കാനോനയനുസരിച്ച് കോടതിനടപടിക്രമം കൂടാതെയുള്ള ശിക്ഷ ചുമത്തൽ നടപടിയിലേക്ക് കടക്കുവാനും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർക്ക് നൈയാമികമായി സാധിക്കും.

എറണാകുളം വിമത വൈദികർക്കെതിരെയുള്ള മറ്റൊരാരോപണമാണ് അവരിൽ ചിലർ വിശുദ്ധ കുർബാന മദ്ധ്യേ നടത്തേണ്ട മേലദ്ധ്യക്ഷന്റെ അനുസ്മരണം മനഃപൂർവം ഒഴിവാക്കുന്നു എന്നത്. എറണാകുളം-അങ്കമാലി അതിരൂപതയിൽ പരസ്യ ദൈവാരാധനയിൽ (Liturgy) ഈ മേലദ്ധ്യക്ഷാനുസ്മരണം എങ്ങനെയാണ് നടത്തേണ്ടതെന്ന് 'എറണാകുളം മിസ്സ്'ത്തിന്റെ 2022 സെപ്റ്റംബർ ലക്കത്തിന്റെ 26-ാം പേജിൽ കൊടുത്തിരിക്കുന്നതിങ്ങനെയാണ്: "... സാർവത്രികസഭയുടെ പിതാവും തലവനും അതിരൂപതാദ്ധ്യക്ഷനുമായ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് മെത്രാപ്പോലീത്തായ്ക്കും, അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ആൻഡ്രൂസ് മെത്രാപ്പോലീത്തായ്ക്കും..." CCEO 1438-ാം കാനോന ഇങ്ങനെ നിഷ്കർഷിക്കുന്നു: "വിശുദ്ധ കുർബാനയിലും യാമപ്രാർത്ഥനകളിലും നിശ്ചയിച്ചിരിക്കുന്ന രീതിയിലുള്ള മേലദ്ധ്യക്ഷന്റെ അനുസ്മരണം മനഃപൂർവം ഒഴിവാക്കുകയും, നിയമാനുസൃതം താക്കീത് നല്കിയിട്ടും തിരുത്താതിരിക്കുകയും ചെയ്യുന്ന ഒരുവനെ വലിയ മഹറോൻശിക്ഷപോലും ഒഴിവാക്കാതെതന്നെ അനുയോജ്യമായി ശിക്ഷിക്കപ്പെടേണ്ടതാണ്." ഇവിടെയും നിയമം അനുശാസിക്കുന്നത് 'ശിക്ഷിക്കപ്പെടേണ്ടതാണ്' എന്നാണ്, അല്ലാതെ ശിക്ഷിക്കാവുന്നതാണ് എന്നല്ല. മറ്റൊരു വാക്കിൽ പറഞ്ഞാൽ, നിയമത്തിൽ നിർബന്ധിതശിക്ഷയുള്ള ഒരു കുറ്റമാണ് നിയമപ്രകാരമുള്ള മേലദ്ധ്യക്ഷാനുസ്മരണം നടത്താതിരിക്കുക എന്നത്. അതിനാൽ ഏതെങ്കിലുമൊരു വിശ്വാസി, കുർബാനമദ്ധ്യേ ഏതെങ്കിലുമൊരു വൈദികൻ ഇങ്ങനെയൊരു കുറ്റം ചെയ്തതായി കണ്ടാൽ, ആ വിവരം രേഖാമൂലം അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററെ അറിയിക്കേണ്ടതും അദ്ദേഹം ശിക്ഷാനടപടികൾ ആരംഭിക്കേണ്ടതുമാണ്.

**8. "അവരോട് അനുസരിക്കുവാൻ പറയുക" : - ഫ്രാൻസിസ് മാർപാപ്പ**

2022 ഒക്ടോബർ 12-ാം തീയതി ഫ്രാൻസിസ് മാർപാപ്പയെ കണ്ട മാർ ആൻഡ്രൂസ് താഴത്ത് പിതാവിനോട് മാർപാപ്പ പറഞ്ഞത് ഇങ്ങനെയായിരുന്നു: "Dite loro obbedire": "അവരോട് അനുസരിക്കുവാൻ

പറയുക." മറ്റൊരു വാക്കിൽ പറഞ്ഞാൽ, ചർച്ചകളുടെയും വിശദീകരണങ്ങളുടെയും കാലം കഴിഞ്ഞു. ആവശ്യത്തിന് ചർച്ചകൾക്കുശേഷം സിനഡ് തീരുമാനമെടുത്തു. പരിശുദ്ധ സിംഹാസനം ആ കുർബാനക്രമം അംഗീകരിച്ചു. മേജർ ആർച്ചുബിഷപ്പ് അത് വിളംബരം ചെയ്ത് നടപ്പിലാക്കി. അതോടെ അത് നിയമമായിക്കഴിഞ്ഞു. അത് കഴിഞ്ഞിട്ട് നടപ്പിലാക്കുവാൻ ഒരു വർഷത്തോളം സമയവും ലഭിച്ചു. ഇനി അനുസരിക്കുക. അനുസരിക്കാൻ മടിക്കുന്നവരെ അനുസരിപ്പിക്കുക. അതിനുള്ള എല്ലാ അധികാരങ്ങളും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർക്ക് നല്കപ്പെട്ടിട്ടുണ്ട്. "ഭരിക്കുക, പഠിപ്പിക്കുക, വിശുദ്ധീകരിക്കുക" എന്ന ത്രിവിധ ദൗത്യങ്ങൾ നല്കപ്പെട്ടിരിക്കുന്ന രൂപതാ മെത്രാന്റെ 'പഠിപ്പിക്കുക', 'ഭരിക്കുക' എന്നീ ദൗത്യങ്ങളുടെ ഭാഗംതന്നെയാണ് തെറ്റ് ചെയ്യുന്നവരെ തിരുത്തുക എന്നതും, കുറ്റം ചെയ്യുന്നവരെ ആവശ്യമെങ്കിൽ ശിക്ഷിച്ചുകൊണ്ടാണെങ്കിലും നേർവഴിക്ക് തിരിക്കുക എന്നതും. അതിനാൽ, മാർ താഴത്ത് പിതാവ് ഇനി ചെയ്യേണ്ടത് കുറ്റം ചെയ്തതായി കാണപ്പെട്ടവർക്ക് ശിക്ഷാമുന്നറിയിപ്പ് (penal warning: CCEO c. 1414, §2) നല്കുക എന്നുള്ളതും ഗൗരവമായ കുറ്റം ചെയ്തവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുക എന്നുള്ളതുമാണ്. അതുപോലെതന്നെ, 2022 ഒക്ടോബർ 9-ാം തീയതി തന്റെ സർക്കുലർ പള്ളികളിൽ വായിക്കാത്തവർക്കും അതുപോലെതന്നെ അതിനുശേഷവും പള്ളികളിൽ നിയമവിരുദ്ധമായി ജനാഭിമുഖ കുർബാന ചൊല്ലുന്നവർക്കും 'ശിക്ഷ ചുമത്തുമെന്നുള്ള ഭീഷണിയോടുകൂടിയുള്ള മുന്നറിയിപ്പ്' (penal precept: CCEO c. 1406, §2) നല്കാനും അതിനുശേഷവും അവർ വീണ്ടും നിയമം ലംഘിച്ച് ജനാഭിമുഖ കുർബാന ചൊല്ലിയാൽ അവരെ കാനോനികമായി ശിക്ഷിക്കാനും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർക്ക് കടമയുണ്ട്. ഇവിടെ പ്രത്യേകമായി ഓർക്കേണ്ട ഒരു കാര്യമിതാണ്: "ഒരു ശിക്ഷാനിയമത്തിന്റെയോ, ശിക്ഷ നല്കുന്ന വ്യക്തിഗതമായ പ്രമാണത്തിന്റെയോ ബാഹ്യലംഘനം ഒരിക്കൽ സംഭവിച്ചുകഴിഞ്ഞാൽ മറിച്ച് തെളിയിക്കപ്പെടുന്നതുവരെ ഈ ലംഘനം മനഃപൂർവമായ ഒരു പ്രവൃത്തിയായി കണക്കാക്കപ്പെടുന്നു. ശിക്ഷാമുന്നറിയിപ്പിനുശേഷവും വീണ്ടും നിയമമോ വ്യക്തിഗതമായ കല്പനയോ ലംഘിക്കപ്പെട്ടാൽ മാത്രമേ മറ്റ് നിയമങ്ങളെയും വ്യക്തിഗതമായ കല്പനകളെയും സംബന്ധിച്ച് ഇങ്ങനെ കരുതപ്പെടുന്നുള്ളൂ" (CCEO c. 1414, §2). അതിനാൽ അനുസരിക്കുവാൻ വിമുഖത കാണിക്കുന്നവരെ നിർബന്ധപൂർവം അനുസരിപ്പിക്കുവാൻ ശിക്ഷാനടപടികൾ ആവശ്യമായി വരുന്ന പക്ഷം അവ ഉപയോഗിക്കുവാനാണ് "അവരോട് അനുസരിക്കുവാൻ പറയുക" എന്ന് പറഞ്ഞപ്പോൾ മാർപാപ്പ ഉദ്ദേശിച്ചതെന്ന് വ്യംഗ്യം. അതിനായി ശിക്ഷാമുന്നറിയിപ്പുകളും ശിക്ഷ ചുമത്തുമെന്നുള്ള ഭീഷണിയോടുകൂടിയ വ്യക്തിഗതമായ കല്പനകളും അതിനുശേഷം തുടർശിക്ഷാനടപടികളുമാണ് എറണാകുളം വിമതരെ കാത്തിരിക്കുന്നതെന്ന് സാരം.

**ഉപസംഹാരം**

മാർപാപ്പയെയും മാർപാപ്പയ്ക്കുവേണ്ടി മാർപാപ്പയുടെ നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കുന്ന പരിശുദ്ധ സിംഹാസനത്തെയും സീറോ-മലബാർ സിനഡിനെയും സീറോ-മലബാർ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പിനെയും അനുസരിക്കാത്തവർക്ക് സീറോ-മലബാർ സഭയിൽ സ്ഥാനമില്ല. ഞങ്ങൾ സീറോ-മലബാർ സഭയിലെ നില്ക്കുകയുള്ളൂ; പക്ഷെ, ഞങ്ങൾക്ക് ലത്തീൻസഭയിലെ കുർബാനയർപ്പണരീതി വേണമെന്ന് പറഞ്ഞാൽ അത് നിയമപരമായി സാദ്ധ്യമല്ല. അത് മലപ്പുറം ജില്ലക്കാർ തങ്ങൾക്ക് ഇന്ത്യയുടെ ഭാഗമായി തുടരുകയും വേണം; എന്നാൽ ഞങ്ങൾ പാക്കിസ്ഥാന്റെ ഭരണഘടനയെ അനുസരിക്കുകയുള്ളൂ എന്ന് പറയുന്നതിന് തുല്യം. അവരെ സംബന്ധിച്ചിടത്തോളം രണ്ട് വഴികളേയുള്ളൂ; ഒന്നുകിൽ അനുസരിക്കുക; അല്ലെങ്കിൽ കത്തോലിക്കാസഭയിൽനിന്ന് പുറത്തുപോവുക. അനുസരണക്കേട് കാണിക്കുന്നവരെ എന്താണ് ചെയ്യേണ്ടതെന്ന് ഫ്രാൻസിസ് മാർപാപ്പ കാണിച്ചുതന്ന് മാതൃക കാട്ടിയിട്ടുണ്ട്: മാർ ആന്റണി കരിയിലിന്റെ രാജി ചോദിച്ചുവാങ്ങിക്കൊണ്ട്. അതിനുള്ള ആർജ്ജവം അദ്ദേഹത്തിനുണ്ടായി. അതേ ആർജ്ജവത്തോടെ തന്നെ ഏല്പിച്ച എറണാകുളം-അങ്കമാലി അതിരൂപതയെ ഭരിക്കുവാനും പഠിപ്പിക്കുവാനും വിശുദ്ധീകരിക്കുവാനുമുള്ള ദൗത്യമാണ് അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർക്കുള്ളത്; പ്രത്യേകിച്ചും "അവരോട് അനുസരിക്കുവാൻ പറയുവാ"നുള്ള മാർപാപ്പയുടെ ആഹ്വാനത്തിനുശേഷം.

ഈ ലേഖനം എഴുതുന്ന സമയത്ത് (15/10/2022) നവമാദ്ധ്യമങ്ങളിൽ വളരെയധികം ചർച്ചയ്ക്ക് വിഷയീഭവിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ് ഫ്രാൻസിസ് മാർപാപ്പ 2021 ഡിസംബർ ഏഴാം തീയതി സ്വന്തം കൈപ്പടയിൽ ക്ലാരീഷ്യൻ സഭയുടെ ജനറാളും മലയാളിയുമായ മാത്യു വട്ടമറ്റമച്ചന് എഴുതിയ കത്ത്. 2021 നവംബർ 25-ാം തീയതി മാർപാപ്പയുമായുള്ള കൂടിക്കാഴ്ചയ്ക്ക് മാർ ആന്റണി കരിയിലിന് അവസരമൊരുക്കിയത് ഈ സന്യാസശ്രേഷ്ഠനായിരുന്നു. എറണാകുളം-അങ്കമാലി അതിരൂപത മുഴുവനായി ഏകീകൃത ബലിയർപ്പണരീതിയിൽ നിന്ന് ഒഴിവുകൊടുക്കുവാൻ തനിക്ക് മാർപാപ്പ നേരിട്ട് മുഖദാവിൽനിന്ന് അനുവാദം നല്കിയിരുന്നു എന്നുള്ള മാർ കരിയിലിന്റെ അവകാശവാദം ഒരു കല്ലുവച്ച നുണയാണെന്ന് മാർപാപ്പയുടെ കത്തിൽനിന്ന് വ്യക്തം. മാർ ആന്റണി കരിയിൽ പറഞ്ഞ ചില സാങ്കേതിക

കാര്യങ്ങൾ തനിക്ക് മനസ്സിലാകാഞ്ഞതുകൊണ്ട് കർദ്ദിനാൾ സാന്ദ്രിയെ ചെന്നുകണ്ട് എല്ലാം വ്യക്തമായി എഴുതി വാങ്ങുവാൻ മാത്രമാണ് ഫ്രാൻസിസ് മാർപാപ്പ കരിയിലിനോട് പറഞ്ഞതെന്നും അല്ലാതെ മറ്റ് യാതൊരു അനുവാദവും അദ്ദേഹത്തിന് കൊടുത്തിട്ടില്ലായെന്നും ആ കത്തിൽനിന്ന് വ്യക്തം. മാർ കരിയിൽ തന്റെ പേര് ദുരുപയോഗിച്ചതിലും അതുമൂലമുണ്ടായ തെറ്റിദ്ധാരണയിലും അദ്ദേഹത്തിനുള്ള വേദനയും ആ കത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു.

ഈ കത്ത് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് പ്രസിദ്ധപ്പെടുത്തിയത് എറണാകുളം വിമതരെ കുറച്ചൊന്നുമല്ല വിഷമത്തിലാക്കിയിരിക്കുന്നതെന്ന് അവരുടെ പ്രതികരണത്തിൽനിന്ന് വ്യക്തം. മാർപാപ്പ ക്ലരീഷ്യൻ സഭയുടെ ജനറാളച്ചനയച്ച കത്ത് പരസ്യപ്പെടുത്തിയതിലെ ധാർമ്മികതയാണ് അവർക്കിപ്പോൾ ചർച്ചാവിഷയം. എന്നാൽ ആ കത്ത് അദ്ദേഹം മോഷ്ടിച്ചതല്ല; പ്രത്യുത, ജനറാളച്ചൻ തന്നെ അദ്ദേഹത്തെ കാണിച്ചതാണെന്ന് താഴത്ത് പിതാവ് വ്യക്തമാക്കുന്നുണ്ട്. അതിലുപരി, ആ കത്ത് പൊന്തിഫിക്കൽ രഹസ്യ (pontifical secret) ത്തിന്റെ കീഴിൽ വരുന്നതുമല്ല. തങ്ങളുടെ വാദങ്ങളെല്ലാം ഓരോന്നായി പൊളിയുന്നതിലുള്ള ഇളിഭ്യത വിമതനേതാവിന്റെ വീഡിയോ സന്ദേശത്തിൽ വ്യക്തം. മാർപാപ്പ ഒന്നുമറിയുന്നില്ലെന്നും ഫ്രാൻസിസ് മാർപാപ്പ തെറ്റിദ്ധരിപ്പിക്കപ്പെട്ടുവെന്നും അവകാശവാദമുന്നയിച്ചുകൊണ്ടിരുന്ന എറണാകുളം വിമതരുടെ എല്ലാ വാദഗതികളുടെയും മുനകളൊടിക്കുന്നതാണ് മാർപാപ്പയുടെ സ്വന്തം കൈപ്പടയിലുള്ള ആ കത്ത്.

തങ്ങളുടെ വാദങ്ങളെല്ലാം പരാജയപ്പെടുകയാണെന്നുകണ്ട എറണാകുളം വിമതരുടെ അവസാനത്തെ വാദമാണ്, തങ്ങൾ കോലം കത്തിച്ച കർദ്ദിനാൾ സാന്ദ്രി തന്നെ 2021 നവംബർ 26-ാം തീയതി ആന്റണി കരിയിൽ പിതാവിന് നല്കിയ കത്തിൽ എറണാകുളം-അങ്കമാലി അതിരൂപതയിൽ ഏകീകൃത ബലിയർപ്പണരീതിയിൽനിന്ന് വിടുതൽ നല്കുവാനുള്ള അധികാരം കൊടുത്തുവെന്നത്. എന്നാൽ ഇത് വസ്തുതാവിരുദ്ധമാണ്. സാന്ദ്രി പിതാവിന്റെ കത്തിന്റെ ആദ്യത്തെ ഖണ്ഡികയിൽ 1538-ാം കാനോന അനുസരിച്ചുള്ള ഡിസ്പെൻസേഷൻ കൊടുക്കുവാൻ രൂപതാ മെത്രാനുള്ള അധികാരം ഒരിക്കലും പൗരസ്ത്യ തിരുസ്സംഘം പിൻവലിച്ചിട്ടില്ലെന്ന് വ്യക്തമാക്കുമ്പോൾത്തന്നെ, അതേ കത്തിന്റെ രണ്ടാം ഖണ്ഡികയിൽ പ്രസ്താവിക്കുന്നത് ഈ ഒഴിവുകൊടുക്കൽ, നിയമാനുസൃതമാകണമെങ്കിൽ 2020 നവംബർ 9-ാം തീയതി പ്രസ്തുത കാര്യാലയം നല്കിയ നിർദ്ദേശങ്ങൾ (cf. Prot. No. 248/2004) അനുസരിച്ചാകണം ഒഴിവു നല്കേണ്ടത് എന്നാണ്. 2020 നവംബർ 9-ാം തീയതിയിലെ പരിശുദ്ധ സിംഹാസനത്തിന്റെ മേൽപരാമർശിക്കപ്പെട്ട കത്തിൽ വളരെ കൃത്യമായി പറഞ്ഞിരിക്കുന്നത് ഒരു രൂപതാ മെത്രാനും തന്റെ രൂപതയ്ക്ക് മുഴുവനായി ഡിസ്പെൻസേഷൻ കൊടുക്കുവാൻ പാടില്ല എന്നാണ്. അതുപോലെതന്നെ, പ്രത്യേക സാഹചര്യം നിലനില്ക്കുന്നിടത്തോളം കാലം ഒരു വ്യക്തിക്കോ, ഒരു ഇടവകയ്ക്കോ, ഒരു സ്ഥാപനത്തിനോ ഇങ്ങനെ ചുരുങ്ങിയ കാലത്തേക്ക് ഡിസ്പെൻസേഷൻ കൊടുക്കുവാൻ രൂപതാ മെത്രാനുള്ള അവകാശം രൂപതാ മെത്രാന്റെ വികാരിയായ മാർ കരിയിലിനും ഉണ്ടായിരിക്കും എന്നുമാത്രമാണ് ആ കത്തിലുള്ളത്.

ഏറ്റവും അവസാന ആയുധമായി എറണാകുളം വിമതർ കയ്യാംകളിയിലേക്കും കടന്നതായും ചുണങ്ങംവേലി സെന്റ് ജോസഫ് ഇടവകയിലെ സണ്ണി മറുതാച്ചിലച്ചനെ എറണാകുളം വിമതർ മർദ്ദിച്ചവശനാക്കി ആശുപത്രിയിലാക്കി എന്നുമാണ് ഏറ്റവുമവസാനത്തെ വാർത്ത. ആൻഡ്രൂസ് താഴത്ത് പിതാവിനെ അതിരൂപതാ കാര്യാലയത്തിൽ കയറി ഭീഷണിപ്പെടുത്തിയ വിമതർ സാക്ഷാൽ ഗുണ്ടായിസത്തിലേക്ക് ഇറങ്ങിവരുന്ന കാഴ്ചകളാണ് ഒരുപക്ഷെ ഇനി നാം കാണേണ്ടിവരിക. Enough is enough. മതി. ഇവിടെ നിർത്തുക എന്ന് ആർജ്ജവത്തോടെ പറയേണ്ട സമയമാണിത്. നിയമവാഴ്ച (rule of law) ഇല്ലാതെ ഒരു പരിഷ്കൃത സമൂഹത്തിനും നിലനില്ക്കാനാവില്ല. കുറ്റങ്ങൾ ശിക്ഷിക്കപ്പെടാതെപോയാൽ, കരുണയുടെ പേരുംപറഞ്ഞ് എല്ലാം ക്ഷമിച്ചാൽ, അത് ക്രിമിനലുകൾക്ക് അവരുടെ അധർമ്മത്തിൽ തുടരുന്നതിനുള്ള പ്രേരണയാകുക മാത്രമല്ല ചെയ്യുക, പ്രത്യുത അനീതിയെ താലോലിക്കുന്നതിന് തുല്യമാകും. അതിനാലാണ് പൗലോസ് ശ്ലീഹാ തീത്തോസിനോട് ഇങ്ങനെ പറയുന്നത്: "ഭിന്നിച്ചു നില്ക്കുന്നവരെ ഒന്നോ രണ്ടോ പ്രാവശ്യം ഗുണദോഷിച്ചശേഷം അനുസരിക്കാത്തപക്ഷം അവനിൽനിന്ന് അകന്നുനില്ക്കുക" (തീത്തോസ് 3:10). അതുപോലെ ശ്ലീഹാ തിമോത്തിയേയും ഇങ്ങനെ ഉപദേശിക്കുന്നു: "അവർ മനുഷ്യത്വമില്ലാത്തവരും വിധേയത്വമില്ലാത്തവരും അപവാദത്തിലേർപ്പെടുന്നവരും ആത്മസംയമനമില്ലാത്തവരും ക്രൂരരും നന്മയെ വെറുക്കുന്നവരുമായിരിക്കും... അവർ മതത്തിന്റെ ബാഹ്യരൂപത്തെ നിലനിർത്തിക്കൊണ്ട് അതിന്റെ ചൈതന്യത്തെ നിഷേധിക്കും. താങ്കൾ അവരെ വിട്ടകലുക" (2 തിമോ 3:3-5). വിട്ടകലുക മാത്രമല്ല, അങ്ങനെയുള്ളവരെ സാത്താന് വിട്ടുകൊടുക്കുക (1 തിമോ 1:19) യുമാവാമെന്ന് വചനം നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. അതുപോലെതന്നെ, അങ്ങനെയുള്ളവർ "ലജ്ജിക്കേണ്ടതിന്" അവരോടുള്ള സംസർഗ്ഗം തന്നെ ഉപേക്ഷിക്കണമെന്നും പൗലോസ് ശ്ലീഹാ ആവശ്യപ്പെടുന്നുണ്ട് (1 തെസ്സ 3:14).

1451-ാം കാനോന ഇങ്ങനെ അനുശാസിക്കുന്നു: "ഒരു വ്യക്തിയെ തട്ടിക്കൊണ്ടു പോവുകയോ,

അന്യായമായി തടഞ്ഞുവയ്ക്കുകയോ, ഗുരുതരമായി പരിക്കേല്പിക്കുകയോ, അംഗഭംഗം വരുത്തുകയോ, ശാരീരികമോ മാനസികമോ ആയ പീഡനം ഏല്പിക്കുകയോ ചെയ്യുന്നയാൾ വലിയ മഹറോൻശിക്ഷപോലും ഒഴിവാക്കാതെതന്നെ അനുയോജ്യമായി ശിക്ഷിക്കപ്പെടേണ്ടതാണ്." എറണാകുളം-അങ്കമാലി അതിരൂപതയിൽ നിയമവാഴ്ച പുനഃസ്ഥാപിക്കുന്നതിനും വിമതരുടെ തേർവാഴ്ച അവസാനിപ്പിക്കുന്നതിനുമാവശ്യമായ നിയമപരമായ നടപടികൾ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ താമസംവിനാ ആരംഭിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

# കർമ്മല കുസുമം